**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3067** **10-03-2017 ൽ മറുപടിക്ക്**

**ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ഇത്തരത്തിൽ വീണ്ടെടുത്ത ഭൂമിയുടെ കണക്കുകൾ ലഭ്യമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (LR)ന്റെ നേതൃത്വത്തിൽ എല്ലാ അഡീഷണൽ തഹസീൽദാർമാരെയും, താലൂക്ക് സർവ്വെയർമാരെയും ഉൾപ്പെടുത്തി ഒരു ജില്ലാ തല കമ്മിറ്റി രൂപീകരിക്കുകയും കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച വരുകയും ചെയ്യുന്നുണ്ട്. ഭൂ സംരക്ഷണ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പു വരുത്താൻ വില്ലേജ് തലത്തിൽ രൂപീകൃതമായിട്ടുള്ള ജനകീയ സമിതികളുടെ പ്രവർത്തനം കാര്യക്ഷമ മാണെന്ന് ഉറപ്പു വരുത്താൻ എല്ലാ തഹസീൽദാർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഇത്തരത്തിൽ വീണ്ടെടുത്ത ഭൂമിയുടെ കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**